**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 778** **06-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള സമഗ്ര കാർഷിക വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശാക്തീകരിക്കുന്നതിനും കാർഷിക മേഖലയെ നവീകരിക്കുന്നതിനുമായി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള സമഗ്ര കാർഷിക വികസന പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; | (എ) | കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, വിൽപ്പന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണ് – "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി". ചുവടെ പരാമർശിക്കുന്ന ഏഴ് ഉപഘടകങ്ങളായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| ക്രമ നം. | ഉപപദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക |
|---|---|---|
| 1. | പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സമഗ്ര കാർഷിക വികസന പദ്ധതി | 550.00 ലക്ഷം രൂപ |
| 2. | കാർഷിക വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 250.00 ലക്ഷം രൂപ |
| 3. | കാർഷിക ഉൽപാദനം, കാർഷിക ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ | 250.00 ലക്ഷം രൂപ |
| 4. | ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കൽ | 110.00 ലക്ഷം രൂപ |
| 5. | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് – സഹകരണ സംരഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം | 500.00 ലക്ഷം രൂപ |
| 6. | കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ | 500.00 ലക്ഷം രൂപ |
| 7. | കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രം ശക്തിപ്പെടുത്തൽ. | 90.00 ലക്ഷം രൂപ |
| **ആകെ** | | **2250.00 ലക്ഷം രൂപ** |

| | | | |
|---|---|---|---|
| (ബി) | വിളകളുടെ ഉല്പാദനം, സംഭരണം, | (ബി) | സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക വിളകളുടെ ഉല്പാദനം, |

| | | | |
|---|---|---|---|
| | സംസ്കരണം, വിപണനം എന്നിവയുടെ ആധുനികീകരണത്തിനും പ്രാദേശികാവശ്യാനുസരണമുള്ള യന്ത്രവൽക്കരണത്തിനും ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ; | | സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കും കർഷകരിൽ നിന്ന് നേരിട്ട് കാർഷികോത്പന്നങ്ങൾ സംഭരിച്ച് സംഭരണ-സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്. ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികാവശ്യാനുസരണമുള്ള യന്ത്രവൽക്കരണത്തിനും – "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി"യിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നുണ്ട്. |
| (സി) | അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉല്പാദന ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഓരോ ജില്ലകളിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉല്പാദന ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉപ പദ്ധതിയാണ് **തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം.** എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യ വർദ്ധനവ്, സംസ്കരണം, വിപണനം, എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുമാണ് ടി ഉപ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ക്ലസ്റ്ററിന് സബ്സിഡിയും, ഓഹരി സഹായവും നൽകുന്നുണ്ട്. പാലക്കാട് നെല്ല് സംഭരണ, സംസ്കരണ വിപണന സഹകരണ സംഘത്തിനും (PAPCOS), കേരള നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘത്തിനുള്ള (KAPCOS) ധനസഹായവും ഈ ഉപ പദ്ധതിക്ക് കീഴിൽ വകയിരുത്തിയിട്ടുണ്ട്.<br><br>ടി ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തികൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ